# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കരുനാഗപ്പള്ളി നഗരസഭ - താൽക്കാലികാടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചുവരുന്ന 5 എൽ.ഡി.സി / ബി.സി മാരുടെ സേവനകാലാവധി വീണ്ടും 179 ദിവസത്തേയ്ക്ക് ദീർഘിപ്പിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

================================================================

## തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം. 3151/2017/തസ്വഭവ തിരുവനന്തപുരം, തീയതി : 26/09/2017

പരാമർശം :
1) 08/02/2016 തീയതിയിലെ സ.ഉ (സാധാ) നം.511/2016/തസ്വഭവ.
2) 19/11/2016 തീയതിയിലെ സ.ഉ (സാധാ) നം. 3137/2016/തസ്വഭവ.
3) കരുനാഗപ്പള്ളി നഗരസഭാ കൗൺസിലിന്റെ 06/04/2017 തീയതിയിലെ 6(15)-ാം നമ്പർ തീരുമാനം.
4) കരുനാഗപ്പള്ളി നഗരസഭാ സെക്രട്ടറിയുടെ 06/07/2017 തീയതിയിലെ G1-3653/17 നമ്പർ കത്ത്.
5) നഗരകാര്യ ഡയറക്ടറുടെ 24/08/2017 തീയതിയിലെ ഇ 2/22596/2016 നമ്പർ കത്ത്.

## ഉത്തരവ്

കരുനാഗപ്പള്ളി നഗരസഭയുടെ ദൈനംദിന പ്രവർത്തനം സുഗമമാക്കുന്നതിന് ക്ലറിക്കൽ തസ്തികയിൽ 3 ജീവനക്കാരെ താൽക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നുവെന്നും, ടി ജീവനക്കാരുടെ സേവനകാലാവധി തീരുന്ന മുറയ്ക്ക് ടിയാളുടെ സേവനകാലാവധി വീണ്ടും 179 ദിവസത്തേയ്ക്ക് ദീർഘിപ്പിക്കുന്നതിനും അധികമായി 5 ക്ലർക്കുമാരെ 179 ദിവസത്തേയ്ക്ക് താൽക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിനും പരാമർശം (2) പ്രകാരം അനുമതി നൽകിയിരുന്നുവെന്നും, അപ്രകാരം നിയമിച്ച 5 എൽ.ഡി.സി / ബി.സി മാരുടെ സേവനകാലാവധി 2017 മെയ് മാസം 18 ന് അവസാനിച്ചതിനെത്തുടർന്ന് നഗരസഭാ ചെയർമാന്റെ അനുമതിയോടെ കൗൺസിൽ തീരുമാനപ്രകാരം ടി ജീവനക്കാരെ തുടരാൻ അനുദിച്ചിട്ടുള്ളതാണെന്നും ടി വിവരം സർക്കാരിനെ അറിയിയ്ക്കുവാൻ കൗൺസിൽ തീരുമാനിച്ചിട്ടുള്ളതാണെന്നും, ഈ സാഹചര്യത്തിൽ, ടി 5 എൽ.ഡി.സി / ബി.സി മാരുടെ സേവനകാലാവധി വീണ്ടും 179 ദിവസത്തേയ്ക്ക് ദീർഘിപ്പിക്കുന്നതിന് അനമതി നൽകണമെന്ന് പരാമർശം (3) പ്രകാരമുള്ള നഗരസഭാ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, നഗരസഭാ സെക്രട്ടറിയുടെ പരാമർശം (4) പ്രകാരമുള്ള അപേക്ഷ നഗരകാര്യ ഡയറക്ടർ പരാമർശം (5) പ്രകാരം സർക്കാർ തീരുമാനത്തിനായി സമർപ്പിച്ചു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രസ്തുത വിഷയത്തിന്റെ

പ്രാധാന്യവും നഗരസഭാ കൗൺസിൽ തീരുമാനവും പരിഗണിച്ച്, കരുനാഗപ്പള്ളി നഗരസഭയിൽ നിലവിൽ ദിവസവേതനാടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചുവരുന്ന 5 എൽ.ഡി.സി / ബി.സി മാരുടെ സേവനകാലാവധി വീണ്ടും 2017 മെയ് 20 മുതൽ 179 ദിവസത്തേയ്ക്ക് ദീർഘിപ്പിച്ചു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) മേൽപ്പറഞ്ഞതിലേക്കാവശ്യമായ ചെലവ് നഗരസഭയുടെ തനതു ഫണ്ടിൽ നിന്ന് വഹിക്കേണ്ടതാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
വി.എസ്.സന്തോഷ്
അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കരുനാഗപ്പള്ളി നഗരസഭ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ